# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം *240

14.02.2013 ൽ
മറുപടിക്ക്

## വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ പ്രശ്നം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി.എസ്. സുനിൽ കുമാർ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി. ശശി<br>ശ്രീ. കെ. അജിത് | ശ്രീ. എ.പി.അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദസഞ്ചാര വികസനത്തിന് സംസ്ഥാനത്തെ മാലിന്യപ്രശ്നം തടസ്സമാകുന്നുണ്ടോ; എങ്കിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യപ്രശ്നം പരിഹരിക്കുന്നതിനുള്ള എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) സംസ്ഥാനത്തെ മാലിന്യ പ്രശ്നം ടൂറിസം മേഖലയെ ബാധിക്കാതിരിക്കുന്നതിന് വേണ്ടി എല്ലാ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സംസ്ഥാന ശുചിത്വ മിഷൻ, ടൂറിസം ട്രേഡ്, സന്നദ്ധ സംഘടനകൾ എന്നിവയുമായി ചേർന്ന് വിവിധ പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നുണ്ട്. 77 കേന്ദ്രങ്ങളിൽ സ്ഥിരമായ പദ്ധതി നടത്തുന്നതോടൊപ്പം കോവളം, കുമരകം, കുമ്പളങ്ങി, വർക്കല, മൂന്നാർ, ദേവികുളം, വൈത്തിരി തുടങ്ങിയ പ്രധാന കേന്ദ്രങ്ങളിൽ സമഗ്ര മാലിന്യ നിർമ്മാർജ്ജന പദ്ധതികൾക്ക് അനുമതി നൽകിയിട്ടുമുണ്ട്. |
| ബി) ഇതു മൂലം മുൻകാലങ്ങളെ അപേക്ഷിച്ച് കഴിഞ്ഞ വർഷം വിദേശ വിനോദ സഞ്ചാരികളുടെ വരവിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ വിദേശ വിനോദ സഞ്ചാരികളെ ആകർഷിക്കുന്ന തരത്തിലുള്ള മാലിന്യ രഹിത കേന്ദ്രങ്ങൾ സജ്ജമാക്കുമോ ? | ബി) വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടില്ല. 2012 ൽ 789698 വിദേശ ടൂറിസ്റ്റുകളും 10076854 തദ്ദേശ ടൂറിസ്റ്റുകളും കേരളം സന്ദർശിച്ചു. ഇത് മുൻകാലങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതലാണ്. കേരളത്തിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ മാലിന്യ വിമുക്ത കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള നടപടികൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ